പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2215 — 04.11.2019 -ൽ മറുപടിക്ക്

**നെഞ്ചുരോഗാശുപത്രിയിലെ കിടപ്പ് രോഗികൾക്ക് ഉച്ചഭക്ഷണവിതരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചു രോഗാശുപത്രിയിലെ കിടപ്പ് രോഗികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിന് അരി അനുവദിച്ചിരുന്നത് എന്നുമുതലാണെന്നും ആയതു എന്നുമുതൽ നിർത്തിവച്ചുവെന്നും വിശദീകരിക്കുമോ ; | (എ) കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചുരോഗാശുപത്രിയിലെ കിടപ്പ് രോഗികൾക്ക് 1989 മുതലാണ് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിന് അരി അനുവദിച്ചിരുന്നത്. ആയത് 12/2018 മുതൽ നിർത്തിവച്ചിട്ടുണ്ട്. |
| (ബി) ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അരി നല്കിയിരുന്നതെന്നും ഏതു സാഹചര്യത്തിലാണ് വിതരണം നിർത്തിവച്ചതെന്നും വിശദീകരിക്കുമോ ; | (ബി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുന്നതിനു മുമ്പ് എ.പി.എൽ വിഹിതത്തിന്റെ നീക്കിയിരുപ്പിൽ നിന്നാണ് എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് മുഖേന അരി നല്കിയിരുന്നത്. എന്നാൽ നിലവിൽ എ.പി.എൽ നീക്കിയിരുപ്പ് വിതരണത്തിനു അപര്യാപ്തമായതിനാലാണ് ടി പെർമിറ്റുകൾ പുതുക്കി നല്കാത്തത്. |
| (സി) നെഞ്ചുരോഗാശുപത്രിയിലെ കിടപ്പ് രോഗികൾക്ക് ഉച്ചഭക്ഷണത്തിനുള്ള അരി സൗജന്യമായി വിതരണം ചെയ്യുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ ? | (സി) കേന്ദ്ര സർക്കാരിന്റെ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻസ് & ഹോസ്റ്റൽ സ്കീമിന്റെ പുതുക്കിയ പദ്ധതിയിൽ ഇത്തരം സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഭക്ഷ്യധാന്യം മിതമായ നിരക്കിൽ വിതരണം ചെയ്യാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ